# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:371** **12.05.2017-ൽ മറുപടിയ്ക്ക്**

**ഒരു നെല്ലും ഒരു മീനും പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഒരു നെല്ലും ഒരു മീനും' പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഉൾനാടൻ ജലാശയ മത്സ്യകൃഷി വിപുലമാക്കുന്നതിന് ഫിഷറീസ് വകുപ്പ് മത്സ്യ സമൃദ്ധി പദ്ധതി മുഖേന എല്ലാ ജില്ലകളിലും, അഡാക്ക് വഴി "ഒരു നെല്ലും ഒരു മീനും" എന്ന പദ്ധതി കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലും വിജയകരമായി നടപ്പാക്കി വരുന്നു. |
| ബി) ഇപ്രകാരം കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെന്നറിയിക്കുമോ; | ബി) | മത്സ്യ സമൃദ്ധിII പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 1204.63 ഹെക്ടർ സ്ഥലത്തും കോട്ടയം ജില്ലയിൽ 624.04 ഹെക്ടർ സ്ഥലത്തും തൃശ്ശൂർ കോൾ നിലങ്ങളിൽ 1816 ഹെക്ടർ ഏരിയയിലും മലപ്പുറം കോൾ നിലങ്ങളിൽ 325 ഹെക്ടർ ഏരിയയിലും പദ്ധതി നടപ്പിലാക്കിയിട്ടു ണ്ട്. ഇതിനുപുറമെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ/നെൽകൃഷി പദ്ധതി പ്രകാരം (2015-19) ആദ്യവർഷമായ 2016-17 ൽ ആലപ്പുഴ ജില്ലയിൽ 45 ഹെക്ടർ സ്ഥലത്തും എറണാകുളം ജില്ലയിൽ 5 ഹെക്ടർ സ്ഥലത്തും കണ്ണൂർ ജില്ലയിൽ 25 ഹെക്ടർ സ്ഥലത്തും നെൽ/മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു |
| സി) നെൽ-മത്സ്യ കൃഷി കർഷകർ തമ്മിലുള്ള അഭിപ്രായഭിന്നത പ്രസ്തുത പദ്ധതി പ്രതിസന്ധിയിലാകാൻ കാരണമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | ഒരു നെല്ലും ഒരു മീനും പദ്ധതി പ്രകാരം നെല്ല് കൃഷി ചെയ്തതിനുശേഷമുള്ള ഇടവേളകളിൽ മാത്രമാണ് മത്സ്യകൃഷി ചെയ്യുന്നത്. കൃഷി കാലയളവ് സംബന്ധിച്ച് കർഷകർ തമ്മിൽ അഭിപ്രായ ഭിന്നത ഉ ണ്ടായിട്ടില്ല. |

**സെക്ഷൻ ആഫീസർ**